**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** — **12-07-2022 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങൾക്ക് സർക്കാർ ഖജനാവിൽ നിന്ന് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് -19 മഹാമാരിയെ തുടർന്ന് അടച്ച് പൂട്ടപ്പെട്ട ആരാധനാലയങ്ങൾ വരുമാനമില്ലാതെ കഷ്ടതയനുഭവിച്ച ഘട്ടത്തിൽ സഹായധനം അനുവദിച്ചിരുന്നുവോ; വിശദാംശം അറിയിക്കാമോ? | (എ) | അനുവദിച്ചിരുന്നു.<br><br>കോവിഡ് 19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കോവിഡ് പാക്കേജ് ആയി സർക്കാർ അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് 110 കോടി (നൂറ്റിപ്പത്ത് കോടി) രൂപയുടെ ധനസഹായം ഗഡുക്കളായി അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് - 25 കോടിയും മലബാർ ദേവസ്വം ബോർഡിന് 20 കോടിയും കൂടൽ മാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും കോവിഡ് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ